കാഷ്യൂ കോർപ്പറേഷന്റെയും കാപ്പക്സിന്റേയും പ്രവർത്തനം

85(2337) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാഷ്യൂ കോർപ്പറേഷനിലും കാപ്പക്സിലും നടത്തിയ നവീകരണ പ്രവർത്തനങ്ങൾ എന്തൊക്കെയാണ് ;

(ബി) തൊഴിലാളികൾക്ക് പ്രയോജനകരമാകുന്ന തരത്തിൽ ശുചിത്വമുള്ള അന്തരീക്ഷത്തിൽ തൊഴിലെടുക്കുന്നതിന് ഏർപ്പെടുത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു :

1. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിലെ തൊഴിലാളികൾക്ക് കൂടുതൽ ദിവസം തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്രകാരം നൽകിയിട്ടുള്ള തൊഴിൽ ദിനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു :

സാമ്പത്തിക വർഷം	തൊഴിൽ ദിനങ്ങളുടെ എണ്ണം
2006-07 (18-5-2006 മുതൽ)	149 ദിവസം
2007-08	165 ദിവസം
2008-09	209 ദിവസം
2009-10	284 ദിവസം
2010-11	247 നാളിതുവരെ

2. കോർപ്പറേഷൻ ഫാക്ടറികളുടെ നവീകരണത്തിനും വികസന പ്രവർത്തന വർഷങ്ങൾക്കുമായി 2007-08, 2008-09 വർഷങ്ങളിലായി അനുവദിച്ച 18.47 കോടി രൂപ ഉപയോഗിച്ച് നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

3. നിലവിലുണ്ടായിരുന്ന തട്ട് ബോർമ്മകൾക്ക് പകരമായി ഇലക്ട്രിക്ബോർമ്മ, ഹോട്ട് എയർബോർമ്മ എന്നിവകൾ കോർപ്പറേഷൻ ഫാക്ടറികളിൽ സ്ഥാപിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

4. ഫാക്ടറികളിലെ ജല ദൗർലഭ്യം കണക്കിലെടുത്ത് മിക്ക ഫാക്ടറികളിലും കുഴൽക്കിണറിന്റെ നിർമ്മാണം ഈ കാലയളവിൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. കൂടാതെ തൊഴിലാളികൾക്ക് ശുദ്ധജലം കുടിക്കാൻ ലഭിക്കത്തക്കതരത്തിൽ എല്ലാ ഫാക്ടറികളിലും വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചിട്ടുള്ളതുമാണ്.

5. നിലവിലുണ്ടായിരുന്ന ടിൻഫില്ലിംഗിന് പകരമായി കോർപ്പറേഷന്റെ ഫില്ലിംഗ് സെന്ററുകളിൽ, 'ഫ്ളെക്സിപാക്കിംഗ് സിസ്റ്റം നടപ്പിലാക്കിയിട്ടുള്ളതാണ്. വിദേശ വിപണിയിൽ ഫ്ളക്സി പാക്കിംഗ് പരിപ്പിനാണ് മാർക്കറ്റുള്ളത്.

6. CFTRI-യുടെ സാങ്കേതിക സഹായത്തോടെ കശുവണ്ടി പരിപ്പിൽ നിന്നും കാഷ്യൂ സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യുവിറ്റ, കാഷ്യൂബിറ്റ്സ്, എന്നീ 4 മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ കശുവണ്ടി വികസന കോർപ്പറേഷൻ വിപണിയിൽ ഇറക്കിയിട്ടുണ്ട്.

7. കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ ആധുനിക രീതിയിൽ നവീകരിച്ച് ഉല്പന്നങ്ങളുടെ ക്വാളിറ്റി മെച്ചപ്പെടുത്തി കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനും, ഫാക്ടറികൾ ഫുൾ കപ്പാസിറ്റിയിൽ വർക്ക് ചെയ്യുന്നതിലേക്ക് 7500-ഓളം തൊഴിലാളികളെ നിയമിച്ചിട്ടുള്ളതാണ്.

8. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് പുതിയ സാങ്കേതികവിദ്യ സ്വായത്തമാക്കുന്നതിലേക്ക് കോർപ്പറേഷനിലെ പ്രോസസിംഗ് ജീവനക്കാർക്ക് പ്രത്യേകതരം പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടത്തിവരുന്നു.

9. കശുമാവ് കൃഷി വികസിപ്പിച്ച് തോട്ടണ്ടിയുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിലേക്ക് കശുവണ്ടി വികസന കോർപ്പറേഷൻ അത്യുൽപാദന ശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റ് തൈകൾ കോർപ്പറേഷന്റെ നഴ്സറികളിൽ ഉണ്ടാക്കി കുറഞ്ഞ നിരക്കിൽ കർഷകർക്ക് വിപണനം നടത്തിവരുന്നുണ്ട്.

10. കശുമാങ്ങയിൽ നിന്നും ബായഡീസൽ ഉല്പാദിപ്പിക്കുന്നതിനുള്ള ഗവേഷണവും കശുവണ്ടി വികസന കോർപ്പറേഷൻ നടത്തിവരികയാണ്.

11. ആധുനികവൽക്കരണത്തിന്റെ ഭാഗമായി കോർപ്പറേഷനിൽ ഒരു റിസർച്ച് ആന്റ് ഡവലപ്മെന്റ് സെന്റർ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

12. കശുവണ്ടി വികസന കോർപ്പറേഷൻ STC, IIFT എന്നിവയുടെ സഹായത്തോടെ അന്താരാഷ്ട്രനിലവാരത്തിലുള്ള പ്രൊഫഷണൽ മാർക്കറ്റിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

13. കശുവണ്ടി പരിപ്പിന്റെ ആഭ്യന്തര ഉപയോഗം വർദ്ധിപ്പിക്കുന്നതിന് CDC cashews എന്ന ബ്രാൻഡ് നെയിമിൽ കശുവണ്ടി ആഭ്യന്തര വിപണിയിൽ വിറ്റഴിക്കുന്നതിന് ഫ്രാഞ്ചൈസികളും ഔട്ട്ലറ്റുകളും പുതുതായി സ്ഥാപിച്ചിട്ടുള്ളതും കൂടാതെ ആഭ്യന്തര മാർക്കറ്റിൽ കശുവണ്ടി പരിപ്പിന്റെയും മറ്റ് മൂല്യ വർദ്ധിത ഉല്പന്നങ്ങളുടേയും വിൽപ്പന വിപുലീകരിക്കുന്നതിനായി പൊതു വിപണിയിൽ പരിചയപ്പെടുത്തി ഇൻഡ്യ ഒട്ടാകെ വിൽപ്പന വിപുലീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കയറ്റുമതി വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ദുബായിൽ എം.കെ. ഗ്രൂപ്പുമായി ചേർന്ന് കശുവണ്ടി പരിപ്പും മൂല്യവർദ്ധിത ഉല്പന്നങ്ങളും വിറ്റഴിക്കുന്നതിനുള്ള ശ്രമങ്ങളും നടന്നു വരികയാണ്. കൂടാതെ റഷ്യ, ചൈന എന്നീ രാജ്യങ്ങളിലേക്കും കശുവണ്ടി പരിപ്പും മൂല്യവർദ്ധിത ഉല്പന്നങ്ങളും കയറ്റുമതി ചെയ്യുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

കാപ്പെക്സിന്റെ വികസനത്തിനും കശുവണ്ടി തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കുന്നതിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ ഓരോ ബഡ്ജറ്റിലും സർക്കാർ ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. 2006-07-ൽ 510 ലക്ഷവും, 2007-08-ൽ 1130 ലക്ഷം രൂപയും 2008-09-ൽ 833 ലക്ഷവും 2009-10-ൽ 1600 ലക്ഷം രൂപയും ആധുനികവൽക്കരണത്തിനും പുനഃരുദ്ധാരണത്തിനും നാടൻ തോട്ടണ്ടി സംഭരിച്ച് തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ നൽകുന്നതിനും ഗ്രാറ്റുവിറ്റി കൊടുക്കുന്നതിനുമായി പ്ലാൻ, നോൺ പ്ലാൻ, കണ്ടിജൻസി ഫണ്ടുകളിലായി കാപ്പെക്സിന് അനുവദിച്ചു. 2010-11-ൽ 1816 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

2006-07-ൽ നൽകിയ 1,10,56,000 രൂപ കൊണ്ട് കാപെക്സ് ഫാക്ടറികൾ ഏറ്റെടുക്കുകയും 2007-08, 2008-09 വർഷങ്ങളിൽ ഗ്രാറ്റുവിറ്റിക്കായി നൽകിയ 3 കോടി രൂപകൊണ്ട് 1998 മുതൽ 2004 വരെ പിരിഞ്ഞുപോയ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകി. 2010-ൽ നൽകിയ 115 ലക്ഷം രൂപകൊണ്ട് 2006 വരെ പിരിഞ്ഞുപോയ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകി. കാപെക്സിന്റെ ചെങ്ങമനാട്, ഇരവിപുരം, എരുവ, പത്തിയൂർ, കിളിക്കൊല്ലൂർ, ചാത്തിനാംകുളം എന്നീ ഫാക്ടറികൾ പൂർണ്ണമായും പുനർനിർമ്മിക്കുകയും ചെയ്തു. ഉയരവും വായുസഞ്ചാരവുമുള്ള ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് ഷെഡുകൾ, വറുപ്പുപുര, ബോർമ്മപുര, തോടുപുര, തൊട്ടിപ്പുര, വിശ്രമമുറികൾ, തോട്ടണ്ടി ഉണക്കാനുള്ള യാർഡുകൾ, ചിമ്മിനികൾ വ്യത്തിയുള്ള ബാത്ത്റും, തോട്ടണ്ടി സംഭരിക്കാനുള്ള ഗോഡൗണുകൾ, പുതിയ വറുപ്പു മെഷീനുകൾ, പത്ത് ഫാക്ടറികളിലായി

LIBRARY ARCHIVES Kerala Legislative Assembly

14 ഇലക്ട്രിക് ബ്രാർമകൾ, ശുദ്ധജലം ലഭ്യമാകത്തക്കവിധമുള്ള സംവിധാനങ്ങൾ, ആധുനിക ഫ്ളക്സി പാക്കിംഗ് മെഷീനുകൾ, റോസ്റ്റഡ് ആന്റ് സാൾട്ടിംഗ് മെഷീനോടുകൂടിയ ഫ്ളക്സി പാക്കിംഗ് സെന്ററുകൾ, ഹെഡ് ഓഫീസും പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരണത്തോടുകൂടിയ ഓഫീസും നിർമ്മിച്ചു. 2500-ഓളം പുതിയ തൊഴിലാളികളെ നിയമിച്ച് പാരിറ്റി ക്ലിയർ ചെയ്തു. പ്രതിദിന ഉല്പാദനശേഷി 35 മെട്രിക് ടണ്ണിൽ നിന്നും 54 മെട്രിക് ടണ്ണായി ഉയർത്തുകയും പ്രൊഡക്ഷൻ കപ്പാസിറ്റി 45% ആയി വർദ്ധിപ്പിക്കുവാനും സാധിച്ചിട്ടുണ്ട്.

2008-ൽ കാപ്പെക്സിന്റെ സർവ്വകാല റിക്കോർഡായ 210 തൊഴിൽ ദിനങ്ങളും 2009-ൽ 214 തൊഴിൽ ദിനങ്ങളും നൽകുവാൻ സാധിച്ചു. 2010-ൽ 260 തൊഴിൽ ദിനങ്ങൾ നൽകുവാൻ സാധിച്ചു. കാപെക്സിന്റെ നവീന പായ്ക്കിംഗ് സെന്ററിൽ സ്ഥാപിച്ചിരിക്കുന്ന ആധുനിക രീതിയിലുള്ള ഫ്ളക്സി പായ്ക്കിംഗ് മെഷ്യൻ ഉപയോഗിച്ചാണ് കയറ്റുമതി വിപണിക്കായുള്ള പരിപ്പ് പ്രോസസ്സ് ചെയ്യുന്നത്. നൂതനമായ സാങ്കേതിക വിദ്യയുടെ ഉപയോഗംമൂലം വളരെ കർക്കശമായ ശുചിത്വവും ഉല്പാദന ക്ഷമതയും ലഭിച്ചുവരുന്നു. കൂടാതെ ആഭ്യന്തര വിപണി ശക്തിപ്പെടുത്തുവാനായി ഒരു അത്യാധുനിക റോസ്റ്റിംഗ് സാൾട്ടിംഗ് മെഷീനും പായ്ക്കിംഗ് സെന്ററിൽ സ്ഥാപിച്ചിട്ടുണ്ട്. കശുവണ്ടി പരിപ്പിൽ നിന്നും കാഷ്യൂ സൂപ്പ്, കാഷ്യൂ പൗഡർ, കാഷ്യൂവിറ്റ, കാഷ്യൂ ബിറ്റ്സ്, എന്നീ 4 മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ കശുവണ്ടി വികസന കോർപ്പറേഷൻ വിപണിയിൽ ഇറക്കിയിട്ടുണ്ട്. കാപെക്സ് റോസ്റ്റഡ്, സാൾട്ടഡ് പരിപ്പുകൾ കൂടാതെ pepper coated, chilly coated പരിപ്പുകളും വിവിധ ഗ്രേഡുകളായി തരം തിരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വിപണിയിൽ ഇറക്കിയിട്ടുണ്ട്.

(ബി) 1. സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിലെ ജലദൗർലഭ്യം കണക്കിലെടുത്ത് മിക്ക ഫാക്ടറികളിലും കുഴൽക്കിണറിന്റെ നിർമ്മാണം ഈ കാലയളവിൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. കൂടാതെ തൊഴിലാളികൾക്ക് ശുദ്ധജലം കുടിക്കാൻ ലഭിക്കത്തക്കതരത്തിൽ എല്ലാ ഫാക്ടറികളിലും വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചിട്ടുള്ളതുമാണ്.

2. തൊഴിലാളികളുടെ പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിലേക്ക് ഫാക്ടറികളിൽ കൂടുതൽ ടോയിലറ്റ് ബ്ലോക്കുകളുടെ നിർമ്മാണം ഈ കാലയളവിൽ നടത്തിയിട്ടുള്ളതാണ്.

3. ഫാക്ടറികളിലെ തൊഴിൽ സാഹചര്യങ്ങൾ മെച്ചപ്പെടത്തക്കതരത്തിൽ ഷെഡ്ഡുകളിൽ കൂടുതൽ ഫാനുകളും ലൈറ്റുകളും സ്ഥാപിച്ചിട്ടുള്ളതാണ്.

കാപെക്സിൽ മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങൾ ഒരുക്കുന്നതിനായി ചെങ്ങമനാട്, ഇരവിപുരം, എരുവ, പത്തിയൂർ, കിളികൊല്ലൂർ, ചാത്തിനാംകുളം എന്നീ ഫാക്ടറികൾ പൂർണ്ണമായും പുനർനിർമ്മിച്ചു. ഉയരവും വായുസഞ്ചാരമുള്ള ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് ഷെഡുകൾ, വറുപ്പുപുര, ബോർമ്മപുര,

LIBRARY ARCHIVES Kerala Legislative Assembly

തോടുപുര, തൊട്ടിപ്പുര, വിശ്രമമുറികൾ, തോട്ടണ്ടി ഉണക്കാനുള്ള യാർഡുകൾ, ചിമ്മിനികൾ വൃത്തിയുള്ള ബാത്ത്റൂം, തോട്ടണ്ടി സംഭരിക്കാനുള്ള ഗോഡൗണുകൾ, പുതിയ വറുപ്പു മെഷീനുകൾ, പത്ത് ഫാക്ടറികളിലായി 14 ഇലക്ട്രിക് ബോർമകൾ, ശുദ്ധജലം ലഭ്യമാകത്തക്കവിധമുള്ള സംവിധാനങ്ങൾ ആധുനിക ഫ്ളക്സി പാക്കിംഗ് മെഷീനുകൾ, റോസ്റ്റഡ് ആന്റ് സാൾട്ടിംഗ് മെഷീനോടുകൂടിയ ഫ്ളക്സി പാക്കിംഗ് സെന്ററുകൾ, ഹെഡ് ഓഫീസും പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരണത്തോടു കൂടിയ ഓഫീസും നിർമ്മിച്ചു.

കശുവണ്ടി തൊഴിലാളികളുടെ കുറഞ്ഞ കൂലി

86(2338) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. കെ. രാജു :
ശ്രീ. കെ. അജിത് :
ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കശുവണ്ടി തൊഴിലാളികളുടെ കുറഞ്ഞ കൂലി പുതുക്കി നിശ്ചയിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഓരോ വിഭാഗത്തിനും നിലവിലുണ്ടായിരുന്ന കുറഞ്ഞ കൂലിയും പുതുക്കി നിശ്ചയിച്ച നിരക്കും എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ഏതെല്ലാം വിഭാഗങ്ങളുടെ കുറഞ്ഞ കൂലി പുതുക്കി നിശ്ചയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) ഓരോ വിഭാഗത്തിന്റേയും നിലവിലുണ്ടായിരുന്ന കൂലിയും പുതുക്കി നിശ്ചയിച്ച കൂലിയും എത്ര വീതമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 3-1-2011-ലെ സ.ഉ.(കൈ)1/2011/തൊഴിൽ നമ്പർ വിജ്ഞാപന പ്രകാരം കശുവണ്ടി വ്യവസായത്തിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) നിലവിലുണ്ടായിരുന്ന കൂലി ഘടനയും പുതുക്കിയ കൂലി ഘടനയും അനുബന്ധമായി ചേർക്കുന്നു*

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം താഴെ ചേർക്കുന്ന മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

1. കശുവണ്ടി വ്യവസായം
2. ടിംബർ & പ്ലൈവുഡ് വ്യവസായം
3. ഓയിൽ മില്ലുകൾ
4. ഓയിൽ പാം
5. ആയുർവേദിക് & അലോപ്പതിക് മരുന്ന് നിർമ്മാണം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly